(എ) ഇക്കഴിഞ്ഞ ബഡ്ജറവവർഷത്തിൽ ഹരിജനോദ്ധാരണപരമായി നാഗർകോവിൽ ഡിവിഷൻമുഖേന പ്രത്യേക പ്രവർത്തനങ്ങൾ നടത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനപരിപാടികൾ എന്തെല്ലാം?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ബഡ്ജറവ് വർഷത്തിൽ ഇല്ല.

(ബി) മുൻ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കഴിഞ്ഞ ബഡ്ജറവ് വർഷത്തിൽ ഈ ഡിവിഷനിൽ ഡിപ്പാർട്ട്മെന്റ് മുഖേന യാതൊരു പ്രവർത്തിയും നടന്നിട്ടില്ലെന്നാണോ വിചാരിക്കേണ്ടത്?

ശ്രീ. സി. കേശവൻ: എല്ലാ ഡിസ്ട്രിക്ടിലും കാര്യപരിപാടി അനുസരിച്ച് നടന്നിട്ടുണ്ട്. അതിനുപുറമെ ഈ ഡിസ്ട്രിക്ടിൽ മാത്രം ചെയ്തിട്ടില്ലെന്നാണ്, അങ്ങനെയാകേണ്ടത്.

വില്ലേജ് റോഡ്

*ഫനഫ. (൯) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്ത് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിങ്കര താലൂക്കിൽ വിളപ്പിൽ പകുതിയിൽ ചേന്പേയാട്–വെള്ളനാട് റോഡ് ഡിപ്പാർട്ടുമെന്റിൽനിന്നും ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് ഏതു വർഷത്തിലായിരുന്നു?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ഏകദേശം ഫഠ കൊല്ലങ്ങൾക്കു മുമ്പ്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പന്ത്രണ്ടു കൊല്ലത്തിനുള്ളിൽ എത്ര പ്രാവശ്യം ഈ റോഡ് നന്നാക്കിയിട്ടുണ്ടെന്നു ദയവുണ്ടായിരുന്നു അറിയാമോ?

ശ്രീ. സി. കേശവൻ: അവിടെ ക്രമപ്രകാരം ഉള്ള റിപ്പയേഴ്സ് നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള: ഈ റോഡ് ഉപയോഗയോഗ്യമല്ലെന്നു ദയവുണ്ടായിരുന്നു അറിയാമോ?

ശ്രീ. സി. കേശവൻ: ഉപയോഗയോഗ്യമല്ലെന്നു ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുകൊണ്ട് അതു വിശ്വസിച്ച് അന്വേഷണം നടത്താം.

ഉദ്യോഗങ്ങൾ

*ഫനഫ. (൧൦) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട സ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

സംസ്ഥാനത്തെ പബ്ലിക് സർവ്വീസ് കമ്മീഷൻ വിധേയമായിട്ടാണോ മനിസിപ്പാലിറ്റികളിൽ ഉദ്യോഗനിയമനങ്ങൾ നടത്തിവരുന്നത്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ): കൊച്ചി വിഭാഗത്തെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെയാണ്. എന്നാൽ തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല.

സാഹിബ് ബഹദൂർ ശ്രീ. ടി. എം. മൊയ്തീൻകുഞ്ഞ്: തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഈ നില മാറ്റുവാൻ വിചാരിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly